# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3530 — 22/08/2017-ൽ മറുപടിക്ക്

## കരുനാഗപ്പള്ളി താലൂക്കിൽ പനി ബാധിച്ച് മരണമടഞ്ഞവർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ.രാമചന്ദ്രൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) കരുനാഗപ്പള്ളി താലൂക്കിൽ വിവിധയിനം പനി ബാധിച്ച് 2017 ഏപ്രിൽ 1 മുതൽ ജൂലൈ 31 വരെ എത്ര പേർ മരണപ്പെട്ടു; ഗ്രാമപഞ്ചായത്ത് മുൻസിപ്പാലിറ്റി തലത്തിലുള്ള കണക്ക് തരംതിരിച്ച് ലഭ്യമാക്കുമോ; | എ) കരുനാഗപ്പള്ളി താലൂക്കിൽ വിവിധയിനം പനി ബാധിച്ച് 2017 ഏപ്രിൽ 1 മുതൽ ജൂലൈ 31 വരെ 14 പേർ മരണപ്പെട്ടു. ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി തലത്തിലുള്ള കണക്ക് താഴെ ചേർക്കുന്നു.<br>1 കരുനാഗപ്പള്ളി - ഇല്ല<br>2 മൈനാഗപ്പള്ളി - 2<br>3 കുലശേഖരപുരം - 4<br>4 തൊടിയൂർ - 4<br>5 ചവറ - 2<br>6 തെക്കുംഭാഗം - 1<br>7 തഴവ - 1 |
| ബി) പ്രസ്തുത കാലയളവിൽ ഈ പ്രദേശത്ത് സ്വകാര്യ ആശുപത്രികളിൽ ചികിത്സ-തേടിയവരിൽ എത്രപേർ മരണപ്പെട്ടു-വെന്നുള്ള കണക്ക് ലഭ്യമാക്കുമോ; | ബി) പ്രസ്തുത കാലയളവിൽ ഈ പ്രദേശത്ത് മരിച്ച ആകെ 14 പേരിൽ 10 പേർ സ്വകാര്യ ആശുപത്രികളിൽ ചികിത്സതേടിയവരാണ്. |
| സി) ഡെങ്കിപ്പനിയെയും അതിന്റെ പ്രതിരോധത്തെയും സംബന്ധിച്ച അവബോധം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | സി) ഡെങ്കിപ്പനിയെയും അതിന്റെ പ്രതിരോധ-ത്തെയും സംബന്ധിച്ച അവബോധം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ജില്ലയിൽ സംഘടിപ്പിച്ചിട്ടുണ്ട്.<br>ജില്ലാതലത്തിലും പി.എച്ച്.സി തലത്തിലും ഇന്റർ സെക്ടറൽ മീറ്റിംഗ് കൂടി ഇതര വകുപ്പുകളുടെ സേവനം ഉറപ്പു വരുത്തി. ഐ.എം.എ.യുടെ സഹായത്തോടെ ഇ.എസ്.ഐ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ ചികിത്സാ മാർഗ്ഗരേഖ പരിചയപ്പെടുത്തുകയും പ്രിന്റ് ചെയ്ത് നൽകുകയും ചെയ്തു. പൊതുസ്ഥലങ്ങളിലും, ഡെങ്കിപ്പനി ബാധിത പ്രദേശങ്ങളിലും, ആരോഗ്യസ്ഥാപനങ്ങളിലും ബോധ-വൽക്കരണ ബോർഡ് സ്ഥാപിച്ചു. പത്രം, റേഡിയോ തുടങ്ങിയ മാധ്യമങ്ങൾ വഴി |

➡

ബോധവൽക്കരണം നടത്തി. സ്കൂൾ-തലത്തിലും റസിഡന്റ് അസോസിയേഷൻ വഴിയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ആരോഗ്യവകുപ്പും (മോഡേൺ മെഡിസിൻ, ആയുർവേദം, ഹോമിയോ) എൻ.എച്ച്.എം.-ഉം, ജില്ലാ പഞ്ചായത്തും സംയുക്തമായി ബോധവൽക്കരണം, സ്ലൈഡ്ഷോ, വീഡിയോപ്രദർശനം എന്നിവ സംഘടിപ്പിച്ചു. അനൗൺസ്മെന്റ് വഴിയും നോട്ടീസ് മുഖേനയും ബോധവൽക്കരണം നടത്തി.

**സെക്ഷൻ ഓഫീസർ**